"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരള നഴ്സസ് ആൻഡ് മിഡ്വൈവ്സ് കൗൺസിൽ നടത്തുന്ന വിവിധ ഡിപ്ലോമ പരീക്ഷകളുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്നതിനായി തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിലെ ജി.എൻ.എം കോ-ഓർഡിനേറ്ററെ താൽക്കാലികമായി നിയമിക്കുന്നതിന് അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1110/2023/H&FWD തീയതി,തിരുവനന്തപുരം, 10-05-2023

---

പരാമർശം:- 1. കേരള നഴ്സസ് ആൻഡ് മിഡ്വൈവ്സ് കൗൺസിൽ രജിസ്ട്രാറുടെ 17/03/2023 തീയതിയിലെ നം.ഇ/22857/2022/എൻ. സി. നമ്പർ കത്ത്.

**ഉത്തരവ്**

കേരള നഴ്സസ് ആന്റ് മിഡ്വൈവ്സ് കൗൺസിലിലെ രജിസ്ട്രാർ തസ്തികയിലെ നിയമന നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ രജിസ്ട്രാറുടെ പൂർണ്ണ അധികച്ചുമതല നിലവിൽ ഡെപ്യൂട്ടി രജിസ്ട്രാർ വഹിച്ചുവരുന്നു. രജിസ്ട്രാറുടെ അഭാവത്തിൽ നഴ്സിംഗ് കൗൺസിൽ നടത്തിവരുന്ന വിവിധ നഴ്സിംഗ് ഡിപ്ലോമ കോഴ്സുകളുടെ കാര്യക്ഷമമായ നടത്തിപ്പ് സാധ്യമാകാത്ത സ്ഥിതിയാണുള്ളതെന്ന് പരാമർശം (1)- ലെ കത്ത് പ്രകാരം ഡെപ്യൂട്ടി രജിസ്ട്രാർ അറിയിക്കുകയുണ്ടായി. ആയതിനാൽ രജിസ്ട്രാർ തസ്തികയിൽ നിയമന നടപടികൾ പൂർത്തിയാകുന്നതുവരെ എ.എൻ.എം, ജി.എൻ.എം തുടങ്ങിയ വിവിധ പരീക്ഷകളുടെ നടത്തിപ്പ്, ചോദ്യപ്പേപ്പറുകളുടെ സൂക്ഷ്മ പരിശോധന, ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി തിരുവനന്തപൂരം സർക്കാർ നഴ്സിംഗ് കോളേജിലെ ജി.എൻ.എം. കോ-ഓഡിനേറ്ററെ താൽക്കാലികമായി ചുമതലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഡെപ്യൂട്ടി രജിസ്ട്രാർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള നഴ്സസ് ആന്റ് മിഡ്വൈവ്സ് കൗൺസിലിലെ രജിസ്ട്രാർ തസ്തികയിൽ നിയമനം നടക്കുന്നതുവരെ എ.എൻ.എം, ജി.എൻ.എം തുടങ്ങി കേരള നഴ്സസ് ആൻഡ് മിഡ്വൈവ്സ് കൗൺസിൽ നടത്തുന്ന വിവിധ ഡിപ്ലോമ പരീക്ഷകളുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്നതിനായി തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിലെ ജി.എൻ.എം. കോ-ഓഡിനേറ്ററെ താൽക്കാലികമായി ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SATHEESH.S
അണ്ടർ സെക്രട്ടറി

രജിസ്ട്രാർ, കേരള നഴ്സസ് ആൻഡ് മിഡ്വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.
ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പാൾ, സർക്കാർ നഴ്സിംഗ് കോളേജ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Prijith G.
Date: 10-05-2023 14:45:21
സെക്ഷൻ ഓഫീസർ